

# നവനീതം NAVANEETHAM

ഇടവം 1183 / May 2008

# Om Namo Narayanaya: കൃഷ്ണാ ഗുരുവായൂരപ്പാ!

## Om Namo Bhagavathe Vasudevaya.



## Submitted at the lotus feet of Sri Guruvayoorappan by the devotees.

## Om Namo Narayanaya:

## വിഷയക്രമം / CONTENTS


| | | |
|---|---|---|
| Pencil drawing of Krishna | 4 | Avinash Ramachandran |
| Agni Deva | 5 | U.Rajendra Varma |
| Agni Deva Dhyana Slokam | 6 | U.Rajendra Varma |
| Krishna Kripa Saagaram | 7 | Savitri Puram |
| ശ്രീ നാരായണീയ സ്തോത്രം ദശകം– 3 | 12 | Balendu |
| നെയ്ത്തിരി ദശകം– 3 | 13 | Balendu |
| Mukundamala | 15 | Dr. Saroja Ramanujam |
| Sheep in the Highlands of Scotland | 17 | Balagopal Ramakrishnan |
| Nammude Karthavyam | 18 | Chandrasekhara Menon |
| How To Observe Ekadasi | 21 | Soumya Nair |
| Ambalapuzha Temple | 23 | Indu |
| Gita Dhyanam | 25 | Veena |
| Temples and offerings - series 1 | 27 | Balagopal Ramakrishnan |
| Gayatri Chandasaam Aham | 28 | Hari |
| Glories of Tulasi Devi | 31 | Meera Chandran |
| Trivia Quizz | 32 | Balagopal Ramakrishnan |
| Member News – Group News | 33 | Gayathri, Vinod. |


**കൃഷ്ണാ ഗുരുവായൂരപ്പാ!**

Krishna Krishna Mukunda Janardhana
Krishna Govinda Narayana Hare!



Pencil drawing of Krishna by Avinash Ramachandran

“വസുദേവ സുതം ദേവം കംസ ചാണൂര മർദ്ദനം
ദേവകീ പരമാനന്ദം കൃഷ്ണം വന്ദേ ജഗദ് ഗുരും”

# "Agni Deva"



“Agni Deva” picture drawn by U.Rajendra Varma for Navaneetham.

**He is our members Anjusha's father & Sreekumar's F-I-L.**

Rejendra Varma had drawn the Agni Deva picture from the following slokam.

## Agni Deva Dhyana Slokam

Saptha hastha: Chathur sringha: Saptha jihwa: Dwisheershaka:
Thripad Prasnna Vadana: Sughaseenow Suchismitha:
Swaham thu Dakshine parshwe Deviyun vame Swadham thadha:
Vibhruth dakshina hasthai thu Shakthimannam Shrucham Sruvam
Thomaram yajana vamaihi dhrutha pathram thu dharai annam .
Mesharoodham Jadabadham Gowravarnam mahowjasam.
Dhooma dhwajam lohithaksham Sapthachihi Sarwa kamadam.





# കൃഷ്ണകൃപാസാഗരം

## സാവിത്രി പുറം

കണ്ണു തുറന്നപ്പോൾ എവിടെയാണെന്നറിയാതെ നാലുപുറവും നോക്കി. ഞാനൊന്നു മയങ്ങിയോ? ഇതെല്ലാം സ്വപ്നമാണോ? ഇടതുകൈകൊണ്ടു വലതുകൈയിൽ അമർത്തി നോക്കി. നോവുന്നു. ഗുരുവായൂരപ്പാ! ഇതു സ്വപ്നമല്ലല്ലോ. ഞാൻ പൊട്ടിക്കരഞ്ഞു. എന്തൊക്കെയാണുണ്ടായത്? ഓർക്കാൻ പോലും കഴിയുന്നില്ല. പതുക്കെ എല്ലാം മനസ്സിൽ തെളിഞ്ഞുതുടങ്ങി.

ഇന്നലെ ശനിയാഴ്ച്ചയായിരുന്നു. ഭർത്താവായ രമേഷിന്റെ കൂടെ ഈ മരുഭൂമിപ്പട്ടണത്തിലെത്തിൽ ഞാൻ എത്തിയത് കഴിഞ്ഞ ശനിയാഴ്ച്ചയാണ്. വിവാഹത്തിനു ശേഷം എത്ര നാളത്തെ കാത്തിരിപ്പിനു ശേഷമാണ് രമേഷ് വന്നെന്നെ കൊണ്ടുപോന്നതു്? രമേഷിന്റെ കൂടെയുള്ള ജീവിതത്തെപ്പറ്റിയല്ലാതെ മറ്റൊന്നും ഓർമിക്കാൻ തന്നെ കഴിഞ്ഞിരുന്നില്ല. എല്ലാ പ്രാർഥനകളും അവസാനിച്ചിരുന്നത് ''വേഗം ഞങ്ങളെ കൂട്ടിച്ചേർക്കണേ'' എന്ന അപേക്ഷയിലായിരുന്നു. അവസാനം വിസയും കടലാസുകളുമായി രമേഷ് വരുന്നു എന്ന എഴുത്തു കിട്ടിയപ്പോൾ അതു് ഗുരുവായൂരപ്പന്റേ കാൽക്കൽ വെച്ചു് അക്ഷരാർഥത്തിൽ തന്നെ കണ്ണീരുകൊണ്ടു നനച്ചു.

ഗുരുവായൂരപ്പാ ഇതിനാണോ അങ്ങു് എന്നേ ഇങ്ങോട്ടേക്കയച്ചതു്? അങ്ങേക്കു് ഇത്ര കാരുണ്യമില്ലെന്നു ഞാനറിഞ്ഞില്ല്യ. എനിക്കു് അങ്ങു് എത്ര പ്രിയപ്പെട്ടതാണോ അത്രക്കു് പ്രിയപ്പെട്ടതായിരിക്കും ഞാൻ അങ്ങേക്കു് എന്നു കരുതി. ''നമേ ഭക്ത പ്രണശ്യതി'' എന്നു ഉറച്ചു വിശ്വസിച്ചു. രമയുടെ ഈശനായ അങ്ങു് എന്റെ രമേഷായി വന്നുവെന്നു വിശ്വസിച്ചു. ഗുരുവായൂരപ്പാ, എന്തിനു ഈ അറബിയോടു ഞങ്ങളെ ഊണു കഴിക്കാൻ ക്ഷണിക്കാൻ നിർബന്ധിച്ചു? എന്തിനു രമേഷിനെക്കൊണ്ടു് ആ ക്ഷണം സ്വീകരിപ്പിച്ചു?

എനിക്കുള്ളതിലധികം സൗന്ദര്യം എന്നിൽ രമേഷ് കണ്ടിരുന്നു.സ്നേഹാവേശത്താൽ ആയിരിക്കാം. തീക്കളർ സാരിയും ജിംകിയും ആണെനിക്കു് ഏറ്റവും ചേരുകയെന്നു പറഞ്ഞു് അതു് ധരിപ്പിച്ചു. സ്വതവെ അണിഞ്ഞൊരുങ്ങാൻ താൽപര്യമില്ല്യാത്ത ഞാൻ രമേഷാകുന്ന എന്റെ കണ്ണനു വേണ്ടി സന്തോഷത്തോടെ അവ ധരിച്ചു.

കാർത്യായിനി മഹാമായേ മഹായോഗിന്നധീശ്വരി!
നന്ദഗോപസുതം ദേവി! പതിം മേ കുരുതേ നമ:

എന്ന മന്ത്രം ശ്രീപാർവതിയുടെ മുൻപിൽ ജപിക്കുമ്പോൾ നന്ദഗോപസുതനായ ദേവനെ ഭർത്താവായി ലഭിക്കണേ എന്നു് ആത്മാർത്ഥമായി പ്രാർഥിച്ചു. രമേഷിനെ ലഭിച്ചപ്പോൾ നന്ദഗോപസുതനായ, രമയുടെ ഈശനായ അങ്ങു് എന്റെ രമേഷാണെന്നു് ഞാൻ വിശ്വസിച്ചു. അതിനാൽ സന്തോഷത്തോടുകൂടി ഞാൻ എന്റെ കണ്ണനാകുന്ന രമേഷിനു് വേണ്ടി പൊന്നും പൂവും അണിഞ്ഞു. രമേഷിന്റെ ബോസായ അറബിയെപ്പറ്റി രമേഷിനെത്ര പറഞ്ഞാലും തീരില്യ. ‘‘നല്ലവനാണു്, എന്റെ ഉയർച്ചയിൽ സന്തോഷിക്കുന്ന ഒരു സ്നേഹസമ്പന്നൻ!’’ രമേഷിനു് അഭിമാനപൂർവം എന്നെ പരിചയപ്പെടുത്താൻ ധൃതിയായിരുന്നു. എനിക്കാണെങ്കിൽ എല്ലാം പുതുമ. രമേഷിന്റെ കൂടെയാണെങ്കിൽ നരകവും സ്വർഗവും ഒക്കെ എനിക്കു് തുല്യമാണെന്നു തോന്നി. ഇരുപത്തിനാലുകൊല്ലം എന്നെ കണ്ണിന്റെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിച്ച എന്റെ മാതാപിതാക്കളിൽ നിന്നകലെയാണെന്ന ഗൃഹാതുരത്വത്തിനുപോലും രമേഷിനോടുള്ള സ്നേഹവുമായി മൽസരിച്ചപ്പോൾ രണ്ടാം സ്ഥാനമായി. എന്റെ മാറ്റത്തിൽ ഞാൻ അത്ഭുതപ്പെട്ടു. തെല്ലൊരു കുറ്റബോധവും. കുറ്റബോധത്തെപ്പറ്റി രാവിലെ ഫോണിൽ അഛനോടും അമ്മയോടും സംസാരിച്ചു.

ഒറ്റ സ്വരത്തിൽ അവർ പറഞ്ഞു: ‘‘അമ്മൂ, ഭാര്യാഭർത്ത്ബന്ധം ദൈവീകമാണു്, രണ്ടാത്മാക്കളുടെ ഒത്തുചേരലാണു്. ആതാണു് നിനക്കിന്നു സംസിദ്ധമായിരിക്കുന്നതു്. ഈശ്വരവിചാരത്തോടുകൂടി കുറ്റബോധമില്യാതെ രമേഷിനെ സ്നേഹിക്കുക’’. ഞാൻ കൃതാർത്ഥയായി.

അങ്ങനെ സന്തോഷത്തോടുകൂടി ഏതാണ്ടു് വൈകുന്നേരം ഏഴുമണിയോടെ ഞങ്ങൾ അറബിയുടെ കൊട്ടാരത്തിലെത്തി. പുറത്തു ധാരാളം പുരുഷന്മാർ. എന്നോടു് അന്ത:പുരമെന്നു തോന്നിക്കുന്ന അകത്തളത്തിലേക്കു നടന്നോളാൻ പറഞ്ഞു. അറബി തന്നെ ഇടവഴികൾ താണ്ടി എന്നെ വലിയൊരു ഹാളിലെത്തിച്ചു. ധാരാളം സ്ത്രീകൾ ഉണ്ടു്. അറബിയുടെ കമ്പനിയിലെ ഉദ്യോഗസ്ഥന്മാരുടെ ഭാര്യമാർ, പല രാജ്യക്കാർ. കൂട്ടത്തിൽ കുറച്ചു പ്രായം ചെന്ന ഒരു മലയാളി സ്ത്രീയും ഉണ്ടായിരുന്നു. പേരു് ഇന്ദിര എന്നാണു്. രമേഷ് പറയുന്ന ഇന്ദിര ആണ്ടിയായിരിക്കും. നല്ല തറവാടിത്തമുള്ള സ്ത്രീ. അവരുടെ അടുത്തു തന്നെ ഞാനിരുന്നു. രമേഷിന്റെ അസാന്നിധ്യത്തിൽ കുറച്ചു വിഷമം തോന്നിയെങ്കിലും അവരുടെ സംഭാഷണം ശ്രദ്ധിച്ചു് ഞാനിരുന്നു.

ഊണിനു സമയമായി. ഇന്ദിര ആണ്ടി ഞാൻ പൂർണ സസ്യഭുക്കാണെന്നു പറഞ്ഞപ്പോൾ ഏതൊക്കെയാണു് എനിക്കു കഴിക്കാവുന്നതെന്നു പറഞ്ഞുതന്നു. കുറച്ചു കഴിച്ചെന്നു

വരുത്തി ഞാൻ. പോകാൻ ധൃതിയായി. ഓരോരുത്തരായി പോകാൻ തുടങ്ങി. ഇന്ദിര

ആണ്ടിയുടെ കൂടെ ഞാനും പുറത്തേക്കു നടക്കാൻ തുടങ്ങി. പുറത്തെത്തിയപ്പോൾ അറബി പറഞ്ഞു: രമേഷ്, കുറച്ചു കഴിഞ്ഞു പോകാം. എനിക്കൊരു കാര്യം പറയാനുണ്ടു്. ഇംഗ്ലീഷിലാണു് പറഞ്ഞതു്. രമേഷ് പറഞ്ഞു; ''സൗമ്യേ പോകാറായാൽ വിളിക്കാം. അകത്തു പോയി ഇരുന്നോളൂ''. എന്തോ എനിക്കൊരു അസ്വസ്ഥത. രമേഷിൻെറ പുഞ്ചിരിക്കുന്ന മുഖവും നോക്കി ഞാൻ മനമില്ല്യാമനസ്സോടെ അകത്തേക്കു പോയി. പിന്നേയും ഒരു മണിക്കൂർ കഴിഞ്ഞുകാണും. ഞാനും അവിടുത്തെ കുടുംബത്തിലെ അംഗങ്ങളും മാത്രമായി.

അവർ ഭക്ഷണസാധനങ്ങൾ എടുത്തുവെക്കാനും വൃത്തിയാക്കാനും പണിക്കാരികളെന്നു തോന്നുന്ന ചിലരെ വിളിച്ചു. ഒരു തടിച്ച അറബി സ്ത്രീയും പണിക്കാരും ഒഴികെ എല്ലാവരും വിവിധ വതിലുകളിൽ കൂടി അപ്രത്യക്ഷരായി. ക്ഷമ നശിച്ചു് ഞാൻ കാത്തിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ പണിക്കാരും ഹാൾ വൃത്തിയാക്കി പോയി. ഞാനും ആ തടിച്ച സ്ത്രീയും മാത്രമായി. എനിക്കു അകാരണമായ ഭയം തോന്നി. ഗുരുവായുരപ്പൻെറ ലോക്കറ്റിലും ഗുരുവയുരപ്പൻെറ മോതിരത്തിലും തൊട്ടു പ്രാർഥിച്ചു.

ഞാൻ എൻെറ നാടൻ ഇംഗ്ലീഷിൽ അവരോടു പറഞ്ഞു: എന്നെ എൻെറ ഹസ്ബൻറിൻെറ അടുത്തേക്കു കൊണ്ടുപോകൂ. ആ സ്ത്രീ അർഥം വെച്ചൊരു ചിരി ചിരിച്ചു് എന്നെ മറ്റൊരു വാതിലിൽക്കൂടി അതിഗംഭീരമായി അലങ്കരിച്ച ഒരു ശയനമുറിയിൽ എത്തിച്ചു.

ഞാൻ ഇംഗ്ലീഷിൽ പറഞ്ഞു: ''ഞങ്ങൾ ഇവിടെ താമസിക്കുന്നില്ല്യ. വീട്ടിലേക്കു പോകുകയാണു്''.

അവർ വീണ്ടും ചിരിച്ചു. ഒന്നും പറയാതെ വാതിലടച്ചു പോയി. ഞാൻ പരിഭ്രമം കൊണ്ടും പേടികൊണ്ടും വിയർത്തു. വാതിൽ തുറക്കാൻ നോക്കി. പറ്റുന്നില്ല്യ. ഒന്നു പിടിച്ചു തുറക്കാൻ ഒരു പിടി പോലുമില്ല്യ. ഞാൻ തട്ടി നോക്കി. രമേഷിനെ വിളിച്ചു നോക്കി. ജനലിൽ കൂടി മുറ്റം കാണാൻ പറ്റുമോ എന്നു നോക്കി. കൃത്രിമമായി അലങ്കരിച്ച ഒരു ഉദ്യാനമാണ് ഒരു വശത്തു്. മറ്റൊരു വശത്തു സ്വിമ്മിംഗ് പൂൾ. ഗുരുവായുരപ്പാ! ഞാനെവിടെയാണു്? കണ്ണിൽ നിന്നും കണ്ണീർ ധാരധാരയായി ഒഴുകി. അതാ, ആരോ വാതിൽ തുറക്കുന്നു. പുഞ്ചിരിയുമായി രമേഷിൻെറ മധ്യവയസ്സനായ അറബി ബോസു് വരുന്നു! അയാൾ എൻെറ അടുത്തേക്കു നീങ്ങി.ഞാൻ രമേഷ് എവിടെ എന്നു ചോദിച്ചു.

അയാൾ വികാരരഹിതനായി പറഞ്ഞു; ''രമേഷ് പോയി. നാളെ വരും. ഇന്നു് നീ എനിക്കുള്ളതാണു്. നീ സുന്ദരിയാണു്''.

ഞാനെന്നെ മറന്നു. ഞാനെവിടെയാണെന്നു മറന്നു. ഗുരുവായുരപ്പാ, ഈ അറബി എന്നെ തൊട്ടാൽ ഞാൻ മരിക്കും.
''അശരണാം യദി മാം ത്വമുപേക്ഷസേ സപദി ജീവിതമേവ ജഹാമ്യഹം'' എന്ന രുഗ്മിണീസ്വയംവരത്തിലെ ശ്ലോകം ഞാനെന്നും ചൊല്ലി പ്രാർഥിക്കാറില്ലേ? ഇന്നു രാവിലെ കൂടി ഞാൻ പ്രാർഥിച്ചപ്പോൾ കണ്ണൻ ഒന്നു ചിരിച്ചതായി തോന്നി എനിക്കു്.

ഞാൻ ഒന്നും പറയാതെ ബാത്ത് റൂമിൽ കേറി വാതിലടച്ചു് കുറ്റിയിട്ടു. നിലത്തിരുന്നു.ഗുരുവായുരപ്പന്റെ മോതിരം ഊരി വലതു കണ്ണിൽ വച്ചു.

അപ്പോഴേക്കും അറബി വാതിലിൽ മുട്ടുന്നു: ''വേഗം വരൂ. നേരം വൈകി. നാളെ ഞാൻ മൂന്നാഴ്ച്ചത്തെ അമേരിക്കൻ ടൂറിനു പോകുന്നു''.

ഞാൻ കേട്ടതായി ഭാവിച്ചില്ല്യ. കുളിമുറിയുടെ വാതിലിന്റെ കുറ്റി തുറക്കാതെ, മറ്റൊന്നും ആലോചിക്കാതെ ഗുരുവായുരപ്പനെ വിളിച്ചു. കണ്ണുനീർ ധാരധാരയായി ഒഴുകി. ഗുരുവായുരപ്പാ ഇതാണോ ഭക്തവാത്സല്യം? രമേഷിന്റെ അറിവോടെയാണോ അറബി ഇതു ചെയ്യുന്നതു്? എന്റെ കണ്ണന്റെ അവതാരമാണെന്നു വിശ്വസിച്ച രമേഷ് എന്നെ ചതിച്ചിരിക്കുമോ? ഞാൻ പ്രഹ്ലാദന്റെയും ദ്രൗപദിയുടേയും ഇന്ദ്രദ്യുമ്നന്റെയും കഥകൾ  ഭക്തിപൂർവം കേട്ടതും വിശ്വസിച്ചതും എന്നെ ചതിക്കാനാണോ? ഒരിറ്റുകാരുണ്യമുണ്ടെങ്കിൽ എന്നെ രക്ഷിക്കൂ. അല്ലെങ്കിൽ ഈ നിമിഷം എന്നെ വിളിക്കൂ. ഇതു സത്യമാണു്, ഞാൻ കണ്ണനെ വിടില്ല്യ. എന്നെ രക്ഷിച്ചില്ല്യങ്കിൽ കണ്ണനു് എന്തു നഷ്ടപ്പെടാൻ? ആയിരം ആയിരം വിശ്വാസികളിൽ ഒരാൾ മണ്ണടിഞ്ഞു. പക്ഷേ എനിക്കങ്ങനെയല്ല. എനിക്കു ഇന്നു കണ്ണൻ വന്നില്യെങ്കിൽ എല്ലാം നഷ്ടപ്പെട്ടു. എന്റെ എല്ലാമായ കണ്ണനും എനിക്കു നഷ്ടപ്പെടുമോ? ഗുരുവായുരപ്പാ, അതെന്നോടു ചെയ്യരുതേ! അയാളുടെ മനസ്സു മാറ്റണേ! അങ്ങേക്കു് കരണീയമായി എന്താണില്ല്യാത്തതു്? കരഞ്ഞും, ദുഖവും പരിഭവവും പുലമ്പിയും ഞാനെത്ര നേരം ഇരുന്നു എന്നറിയില്ല. ഒരു ശബ്ദവുമില്ല്യ.

നേരം വെളുക്കാറായി. ഞാൻ പതുക്കെ വാതിൽ തുറന്നു നോക്കി. അവിടെ ആരുമില്ല്യ. വാതിൽ തുറന്നിട്ടിരിക്കുന്നു. അതിൽക്കൂടി ഞാൻ പുറത്തു കടന്നു് നടന്നു. എവിടേക്കാണെന്നറിയില്ല്യ. അവസാനം അടുക്കളയെന്നു തോന്നുന്ന ഒരു സ്ഥലത്തെത്തി. ഒരു പത്തു പതിനേഴു വയസ്സായ പെൺകുട്ടി എന്തോ ചെയ്യുന്നു. നേരിയ ശബ്ദമുണ്ടാക്കി. ആ പെൺകുട്ടി തിരിഞ്ഞു നോക്കി. കരഞ്ഞു തളർന്ന എന്റെ കണ്ണുകൾ കണ്ട് എന്റെയടുത്തേക്കു നീങ്ങി.

നമ്മുടെ ഭാഷയിൽ, എന്റെ മലയാളത്തിൽ അവൾ ചോദിച്ചു: ''നിന്നെ അയാൾ തൊട്ടുവോ? അതോ അതിനു മുമ്പാണോ ഇതുണ്ടായതു്''?

ആമ്പരന്നു ഞാൻ ചോദിച്ചു: ''എന്തു്''?

അവൾ പറഞ്ഞു: ''രാത്രി അറബിക്കു്  ഹാർട്ട് അറ്റാക്ക് ആയി ഹോസ്പിറ്റലിൽ കൊണ്ടു പോയി. എപ്പോഴാണെന്നറിയില്ല്യ. ഏതാണ്ടു് പതിനൊന്നരക്കാണെന്നാണു് പറഞ്ഞതു്.

നീ ഭർത്താവിനെ വിളിച്ചു രക്ഷപ്പെടൂ. ഒരു രഹസ്യ ഫോൺ ഉണ്ടു്. ഞാൻ കാണിച്ചു തരാം''.

എല്ലാവരും ഉറങ്ങുകയാണു്. ഞാനൊരു അനുസരണയുള്ള പട്ടിയെപ്പോലെ അവളെ പിന്തുടർന്നു. ഫോൺ എടുത്തു രമേഷിനെ വിളിച്ചു. കരഞ്ഞും ഉറക്കമൊഴിച്ചും ഇടറിയ

ശബ്ദത്തിൽ രമേഷ് അപ്പുറത്തു്. ''വേഗം വരൂ. എന്നെ കൊണ്ടുപോകൂ, വിവരങ്ങൾ പിന്നെ പറയാം''.

അവൾ എന്നെ കൈ പിടിച്ചു് മറ്റേതൊക്കെയോ വഴിയിൽക്കൂടി കൊണ്ടുപോയി ഗേറ്റിൻെറ അടുത്തെത്തിച്ചു. ഗേറ്റിൽ കാവലിനാളുണ്ടു്. അവൾ മതിലിലെ മറ്റൊരു രഹസ്യ വാതിലിൽക്കൂടി എന്നെ പുറത്താക്കി. ഒരു ചുവപ്പു തുണി തന്നു് അതു വീശി വഴിയിൽ നിൽക്കാൻ പറഞ്ഞു. അതും പറഞ്ഞു് അവൾ ഓടി അപ്രത്യക്ഷയായി.

ഞാനവിടെ അഞ്ചു മിനുട്ടു നിന്നു കാണും. അതാ കാറിൻെറ ഹെഡ് ലൈറ്റ് കാണുന്നു. അതു് രമേഷല്ലെങ്കിൽ? ഗുരുവായുരപ്പനെ മനസ്സിൽ ധ്യാനിച്ചു കണ്ണുമടച്ചു ഞാൻ നിന്നു. കാർ എൻെറ സമീപം നിർത്തി. രമേഷ് എന്നെ വാരിയെടുത്തു സീറ്റിൽ വെച്ചു. കാറിൽകയറി കാർ തിരിച്ചോടിച്ചു. ആരും ഒന്നും മിണ്ടിയില്ല. വീട്ടിലെത്തി ഞാൻ ഗുരുവായുരപ്പ്ൻെറ മുമ്പിൽ വീണു കിടന്നു. രമേഷ് എന്തോ എഴുതുന്നതു കണ്ടു. ആ കടലാസു ഗുരുവായുരപ്പൻെറ മുമ്പിൽ വെച്ചു പൊട്ടിക്കരഞ്ഞു. കരഞ്ഞു കരഞ്ഞു മുഖമുയർത്തി നോക്കിയപ്പോൾ ആ കടലാസിൽ എഴിതിയതു് ഞാൻ കണ്ടു. രമേഷിൻെറ രാജിക്കത്തു്. ഞങ്ങൾ പിറ്റേ ദിവസം തന്നെ വിമാനം കയറി എൻെറ ഗുരുവായുരപ്പൻെറ സന്നിധാനത്തിലേക്കു്. നേരെ ഗുരുവായൂരിലെത്തി തൊഴുതു് ആ പാദങ്ങളിൽ എല്ലാം സമർപിച്ചു് വീട്ടിലേക്കു തിരിച്ചു. കഥകൾ രണ്ടുപേരും പറഞ്ഞു കഴിഞ്ഞിരുന്നു.

ആ ആശ്വാസത്തിലും സന്തോഷത്തിലും ആ മലയാളി പെൺകുട്ടിക്കുവേണ്ടി എൻെറ ഹൃദയം തേങ്ങി. അവളുടെ പേരു പോലും ചോദിക്കാനുള്ള മനസ്സാന്നിധ്യം എനിക്കുണ്ടായില്ല്യ. അവൾ പറഞ്ഞതുമില്ല്യ. അവളെപ്പറ്റി ഓർത്തു് ഞാൻ കരഞ്ഞു.

അന്നു രാത്രി ഞാനൊരു സ്വപ്നം കണ്ടു. മയിൽപ്പീലിയും ചൂടി, ഗോപിക്കുറിയും തൊട്ടു്, മഞ്ഞപ്പട്ടാടയും ചാർത്തി, പൊന്നോടക്കുഴലും വിളിച്ചു്, കണ്ണൻ അതാ എൻെറ മുന്നിൽ വന്നു നിൽക്കുന്നു.

എൻെറ ചെവിയിൽ കണ്ണൻ സസ്നേഹം മൊഴിഞ്ഞു: ''സൗമ്യേ കരയണ്ട, ആ മലയാളിപ്പെൺകുട്ടി ഞാനായിരുന്നു''. അതു പറഞ്ഞതിനുശേഷം കണ്ണൻ എൻെറ കൈയ്യിൽ കുറെ നീലക്കല്ലുകൾ തന്നു് അവ പരരക്ഷക്കായി നാലുപുറവും എറിയാൻ പറഞ്ഞു.

പിന്നെ ഞാൻ അവളെയോർത്തു കരഞ്ഞില്ല്യ. എന്തിനു കരയണം? ഭക്തന്മാരുടെ യോഗക്ഷേമം സ്വയം വന്നു നിറവേറ്റുന്ന അങ്ങയുടെ യോഗക്ഷേമം കാക്കാൻ ഈ സൗമ്യയുടെ പ്രാർഥന വേണോ? തീർചയായും വേണ്ട. കണ്ണാ, ഈ കൃഷ്ണകൃപാസാഗരത്തിൽ ആറാടുമ്പോൾ സംസാരസാഗരത്തിനെ എന്തിനു ഭയപ്പെടണം?

അങ്ങയുടെ സൗമ്യ ഇതാ അങ്ങു തന്ന നീലക്കല്ലുകൽ വാരി വാരി എറിയുന്നു! ഈ നീലക്കല്ലുകൾ എങ്ങും എങ്ങും പ്രകാശം പരത്തട്ടെ! ശിഷ്ടന്മാരെയെല്ലാം രക്ഷിക്കട്ടെ!

# ശ്രീ നാരായണീയ സ്തോത്രം

മേൽപ്പത്തൂർ നാരായണ ഭട്ടതിരി

**ഓം നമോ ഭഗവതേ വാസുദേവായ**

## ദശകം-3 വൃത്തം : ശിഖരിണി

പഠന്തോ നാമാനി പ്രമദഭരസിന്ധൗ നിപതിതാഃ
സ്മരന്തോ രൂപം തേ വരദ കഥയന്തോ ഗുണകഥാഃ
ചരന്തോ യേ ഭക്താസ്ത്വയി ഖലു രമന്തമന്തേ പരമമൂൻ
അഹം ധന്യാന്മന്യേ സമധിഗതസർവാഭിലഷിതാൻ 1

ഗദക്ലിഷ്ടം കഷ്ടം തവ ചരണസേവാരസഭരേ//-
പ്യനാസക്തം ചിത്തം ഭവതി ബത വിഷ്ണോ കുരു ദയാം
ഭവത്പാദാംഭോജസ്മരണരസികോ നാമനിവഹാൻ
അഹം ഗായംഗായം കുഹചന വിവത്സ്യാമി വിജനേ 2

കൃപാ തേ ജാതാ ചേത് കിമിവ നഹി ലഭ്യം തനുഭൃതാം
മദീയക്ലേശൗഘപ്രശമനദശാ നാമ കിയതീ
ന കേ കേ ലോകേ//സ്മിന്നനിശമയി ശോകാഭിരഹിതാ
ഭവദ്ഭക്താ മുക്താഃ സുഖഗതിമസക്താ വിദധതേ 3

മുനിപ്രൗഢാ രൂഢാ ജഗതി ഖലു ഗൂഢാത്മഗതയോ
ഭവത്പാദാംഭോജസ്മരണവിരുജ്ഞോ നാരദമുഖാഃ
ചരന്തീശ സ്വൈരം സതതപരിനിർഭാതപരചിത്-
സദാനന്ദാദ്വൈതപ്രസരപരിമഗ്നാഃ കിമപരം 4

ഭവദ്ഭക്തിഃ സ്ഫീതാ ഭവതു മമ സൈവ പ്രശമയേ-
ദശേഷക്ലേശൗഘം ന ഖലു ഹൃദി സന്ദേഹകണികാ
ന ചേദ് വ്യാസസ്യോക്തിസ്തവ ച വചനം നൈഗമവചോ
ഭവേന്മിഥ്യാ രഥ്യാപുരുഷവചനപ്രായമഖിലം 5

ഭവദ്ഭക്തിസ്താവത്പ്രമുഖമധുരാ ത്വദ്ഗുണരസാത്
കിമപ്യാരൂഢാ ചേദഖിലപരിതാപപ്രശമനീ
പുനശ്ചാന്തേ സ്വാന്തേ വിമലപരിബോധോദയമിളൻ
മഹാനന്ദാദ്വൈതം ദിശതി കിമതഃ പ്രാർത്ഥ്യമപരം 6

വിധൂയ ക്ലേശാൻ മേ കുരു ചരണയുഗ്മം ധൃതരസം
ഭവത്ക്ഷേത്രപ്രാപ്തൗ കരമപി ച തേ പൂജനവിധൗ
ഭവന്മൂർത്ത്യാലോകേ നയനമഥ തേ പാദതുളസീ-
പരിഘ്രാണേ ഘ്രാണം ശ്രവണമപി തേ ചാരുചരിതേ 7

പ്രഭൂതാധിവ്യാധിപ്രസഭചലിതേ മാമകഹൃദി
ത്വദീയം തദ്രൂപം പരമസുഖചിദ്രൂപമുദിയാത്
ഉദഞ്ചദ്രോമാഞ്ചോ ഗളിതബഹുഹർഷാശ്രുനിവഹോ
യഥാ വിസ്മര്യാസം ദുരുപശമപീഡാപരിഭവാൻ 8

മരുദ്ഗേഹാധീശ ത്വയി ഖലു പരാഞ്ചോ//പി സുഖിനോ
ഭവത്സ്നേഹീ സോ//ഹം സുബഹു പരിതപ്യേ ച കിമിദം
അകീർത്തിസ്തേ മാ ഭൂദ് വരദ ഗദഭാരം പ്രശമയൻ
ഭവത്ഭക്തോത്തംസം ഝടിതി കുരു മാം കംസദമന 9

കിമുക്തൈർഭൂയോഭിസ്തവ ഹി കരുണാ യാവദുദിയാ-
ദഹം താവദ്ദേവ പ്രഹിതവിവിധാർത്തപ്രലപിതഃ
പുരഃ ക്ലിപ്തേ പാദേ വരദ തവ നേഷ്യാമി ദിവസാൻ
യഥാശക്തി വ്യക്തം നതിനുതിനിഷേവാ വിരചയൻ 10

**ബാലേന്ദു**

# നെയ്ത്തിരി

**ദശകം 3** ഭക്തിപ്രാർത്ഥന (നതോന്നത)

## ബാലേന്ദു

പരമഭക്തന്മാർക്കിഷ്ടവരദാനം ചെയ്യും ദേവ
പരമമാനന്ദം പാരിൽ പരമെന്തുള്ളൂ!
സ്മരിക്കേണം ഭവദ്രൂപം, കഥിക്കേണം ഭവൽക്കഥ
പരിപൂർണ്ണഭക്തിയതിലലിഞ്ഞിടേണം;
പരപ്പേറും ഭവത്ഭക്തിയരുളുന്നോരാനന്ദത്തിൽ
മറന്നുമറെറല്ലാം പാടേ മുഴുകിച്ചെമ്മേ
രമിക്കുന്നു ഭവത്ഭക്തജനങ്ങളാം ധന്യർ മന്നിൽ
പരമഭാഗ്യവാന്മാരുമവർ തന്നെയാം. 1.

ഗുരുതരരോഗാദിയാലതിക്ലേശം സഹിക്കാതെ
പൊരിയുന്നു മമദേഹമതിനാലിപ്പോൾ
പരിപൂർണ്ണ, ഹരേ, ഭവൽപദങ്ങളിൽ സേവചെയ്യാൻ
പരിപാകം മനസ്സിലില്ലടിയനൊട്ടും!
വെറുമൊരു ശിലപോലെ ഭവൽപാദം മനതാരി-
ലുറപ്പിച്ചിട്ടൊരുവരും വരാത്തദിക്കിൽ
മറഞ്ഞിരുന്നവിടുത്തെ സ്തുതിഗീതങ്ങളും പാടി-
ക്കരഞ്ഞുപോക്കണോ ശേഷമിരിക്കും കാലം? 2.

സകലശക്തനാം സ്വാമീ, അവിടുത്തെക്കൃപയാർന്നാ-
ലഖിലവും നടന്നീടും തടവില്ലാതെ;
ശകലിതമാക്കാൻ മമ ദുരിതങ്ങളവിടുത്തേ-
യ്ക്കകതാരിൽക്കരുണയിറ്റുദിച്ചാൽപ്പോരും.
ശകലമെന്നാലും ഭവൽക്കൃപനേടാൻ കഴിഞ്ഞവർ
സകലദുഃഖവും നീങ്ങി യഥേഷ്ടമെങ്ങും
അകന്നാശാപാശം സ്വൈരം ചരിക്കുന്നു; മഹാഭാഗ്യം
തികഞ്ഞവരുലകത്തിലനേകമത്രേ! 3

പരമേശ, ഭവത്ഭക്തിയെഴുമവർ നാരദാദ്യർ
പരിപൂർണ്ണമനസ്സോടെ സേവചെയ്യുന്നോർ,
പരമഭാഗവതന്മാർ പദമലർ മനം തന്നിൽ
ചിരമായിട്ടണിയുന്നോർ തടവില്ലാതെ
ഉരുശോഭയിയലുന്ന ചിദാനന്ദപ്രസരത്തിൻ
പരിശോഭ കലർന്നെങ്ങും ചരിച്ചീടുന്നു.
പരബ്രഹ്മമയമായ പരമസൗഭാഗ്യം പാർത്താ-
ലൊരുവന്നു ലഭിക്കുവാൻ പരമെന്തുള്ളൂ! 4

ഹൃദിമമപെരുകേണമവിടുത്തെപ്പേരിൽ ഭക്തി
അതുനീക്കും മമരോഗപീഡകളെല്ലാം;
ഇതിലേതുമൊരുശങ്കയെനിക്കില്ല; പണ്ടുപണ്ടേ
മതിമാന്മാർ മഹാജനം പറഞ്ഞീവണ്ണം;
അഥവായിങ്ങതിലേതാൻ പിഴവന്നാൽ വേദവ്യാസ-
കഥിതവും ഭവാൻ തന്നെയരുൾ ചെയ്തതും
ചതുർവേദവചനവും പെരുവഴി നടപ്പോന്റെ
വൃഥാവാക്കുപോലാമങ്ങേയ്ക്കതു യോഗ്യമോ? 5

പ്രഥമമായനുഭവമെഴുമ്പോഴും ഭക്തിപോലെ
മധുരമാമൊരു വസ്തു മറ്റെന്തൊന്നുള്ളൂ!
അഭിവൃദ്ധിപ്പെടുന്തോറും പരിതാപമഖിലവും
ശമിപ്പിക്കാനതുപോലെയില്ല മറേറതും.
ശുഭപരിസമാപ്തിയിൽ വിമലമാം പരിബോധ-
മകമേ വന്നുദിച്ചീടുമതുമൂലമായ്
പരമമാമാനന്ദത്തിൽ ഭവാനുമായ് രമിച്ചീടു-
മതിൽപ്പരമിച്ഛിക്കുവാനെവിടെന്തുള്ളൂ! 6

മൽപ്പാദങ്ങൾക്കവിടുത്തെ മന്ദിരത്തിലണയുവാൻ
ത്വൽപ്പുരത്തിലിച്ഛപോലെ സഞ്ചരിക്കുവാൻ
കരങ്ങൾക്കു പൂജാദികൾ മുടങ്ങാതെ നടത്തുവാൻ
തിരുവുടൽ കണ്ടുകൊളളാൻ നയനങ്ങൾക്കും
നിർമ്മാല്യമാം തുളസിതൻ പരിമളം നുകരുവാൻ
മമനാസാരന്ധ്രങ്ങൾക്കുമതുപോലെന്നും
തിരുനാമസങ്കീർത്തനം ശ്രവിക്കുവാൻ കർണ്ണങ്ങൾക്കും
കരുത്താവാൻ മമരോഗം കുറച്ചിടേണേ. 7

അളവററു വളർന്നീടും വ്യാധികൊണ്ടുമാധികൊണ്ടും
ഇളകീടുമെന്മനസ്സിനുള്ളിലീശ്വരാ
പരമമാമാനന്ദത്തിൻ രസമായി സ്ഫുരിച്ചീടും
തിരുവുടൽ മനോഹരം തെളിഞ്ഞിടേണം.
ഉദിച്ചീടും രോമാഞ്ചത്തിലുററവിടും ഹർഷബാഷ്പം
പതിക്കുമ്പോളതിലലിഞ്ഞടിയനോലും
അത്യസഹ്യം പീഡയെല്ലാം കുറഞ്ഞീടും, മറന്നീടു-
മതിനെനിക്കനുഗ്രഹമരുളിയാലും. 8.

അവിടുത്തോടേതും സക്തിയിയലാത്തോർ പോലുമില്ലേ
അവികലസുഖമാർന്നീയുലകിൽ വാഴ്‌വോർ!
കളങ്കമില്ലാത്ത ഭക്തിയെഴുമെനിക്കെന്തേ തന്നി-
തളവറ്റ ദുരിതങ്ങൾ ഹരേ, കംസാരേ?
കളങ്കം ത്വൽക്കീർത്തിക്കേതും വരുത്താതെ മമരോഗം
കളയേണം കാലം തെല്ലും കളഞ്ഞീടാതെ.
ഗുരുവായൂരപ്പ, ഭവച്ചരണദാസരിൽ മുഖ്യ-
നൊരുവനായീടാൻ വരമരുളിടേണം. 9.

പറയുവതെന്തിനേറെ പരമകാരുണികനാം
ഗുരുവായൂരപ്പ, കൃഷ്ണ, വരദമൂർത്തേ
കരുണയോടെന്നെക്കാക്കും വരെയെന്റെ ദുരിതത്തിൻ
പരാതികൾ പറയാതെയിവിടെയെങ്ങാൻ
പുരോഭാഗത്തവിരാമം വിരാജിക്കും ഭവച്ചാരു-
ചരണപങ്കജങ്ങളിൽ നമിച്ചുകൊണ്ടും
കഴിവുപോൽ ഭജനവും തിരുനാമകീർത്തനവും
ഒഴിവില്ലാതനുഷ്ഠിച്ചും ദിനങ്ങൾ പോക്കും. 10



# MUKUNDAMALA

DR. SAROJA RAMANUJAM, M.A., PH.D, SIROMANI IN SANSKRIT.

**31.thatthvam bruvaaNaani param parasmaath**
**maDhuksharanthhevasda sathaam phalaani**
**praavarthya praanjalirasmi jihve**
**naamaani naaraayaNagocharaaNi**

Oh my tongue I beseech you with folded hands. Be uttering the names of Narayana , which are like shower of nectar, tell the supreme truth ,higher than the highest, and the fruit of the good.

Krishna says in Gita, '**indhriyaaNi pramaaTheeni haranthi prasabham manaH,'** meaning that the sense organs are forceful and lead man away from God of which he has no control.The mind may wish to utter the name of the Lord and think of Him but the sense organs carry the mind away to the enjoyment of sense objects. It is acoommon experience when we sit down to meditation or japa. We are always disturbed by the senses in the form of a phone call or some nice smell of vadas etc. When one sense organ distracts the others run behind dragging the mind. Hence azvar appeals to the senses represented by the tongue which the most difficult one to control. He requests the th ongiue not to utter or be tempted by anything except the Narayan nama.

32.**idham Sareeram pariNaamapeSalam**
**pathathi avaSyam SlaTha sanDHi jarjaram**
**kim oushaDhaiH kliSyathi dhurmathe**
**niramayam krshNarasaayanam piba**

This body is sure to fall down emaciated with old age its joints becoming loosened. Why are you tormenting it with medicines , you fool, drink the elixir of Krishna which is most effective and beneficial.

It is said that God cures the disease while the physician takes the fee. It is better to trust Him than a physician because we see that two persons having the same affliction being given the same medicine are not experiencing the same effects. One recovers and the other succumbs to the disease. Hence we should pray to God to cure us and though we do not have the same faith as Naryanabhattadri and may have to take medicine we should understand that the cure is in the hands of God. AS azvar says it is better to take the name of the lord as the only medicine and throw away all others out of the window but we should reach that stage of staunch bhakthi. Moreover other medicines may cure only the disease of the body but the Krishna nama cures the ills of the samsara.

**33.dhaaraa vaaraakaravarasuthaa the thanoojo virinchiH**
**sthothaa vedhah thava suragaNaH bhrthyavargaH prasaadhaH**
**mukthirmaayaa jagadhavikalam thaavakee dhevakee the**
**maathaamithramvalaripusuthaH thvyai athO anyath na jaane**

Lakshmi is Your consort, Brahma is Your son, vedhas praise You, devas are Your servants, moksha is the fruit of Your worship, all these worlds are Your mayaa, Devaki is Your mother and Arjuna is Your friend. I know nothing else than this about you.

The glory of the Lord is described here. His consort, **dhaaraa**, is none other than the daughter of the ocean, **vaaraakaravarasuthaa**, Lakshmi..(**vaaraakara** means ocean, **vaaraa eva kara**-waves are its hands.) By this Azvar refers to the circumstances in which Lakshmi appeared from the milky ocean. It was while the ocean

being churned for nectar the Lord got Lakshmi, compared with whom the nectar and all the other precious things received from the ocean like Airavatha etc are worthless, because without the grace of Lakshmi, nothing else can be had. Yaamunaachaarya says in his sthothrarathna that the real motive of the Lord for churning the ocean for which He made enormous effort like bearing the mountain as koorma, churning along with the devas, helping in bringing the mountain to the ocean etc. was only to get Lakshmi. Reading which the following sloka arose in my mind.

**SreepraaprthyarTham eva yadhi mahadhaayaasam thvayaa**
**Thadhapi thava karuNaa eva na svaarTham**
**karuNekshaNena karothi yaa jaganmangalam**
**chakarTha thasyaaH khalu nivaasam thava hrdhaye**

Even granting that You made great effort to get Lakshmi, even that shows Your mercy and not selfishness because You made Your heart an abode for her who blesses the whole world with her glances.

Brahma, **virinchih**, the creator is His son. The Lord is the primal cause from whom everything manifested including Brahma. Vedas sing His praise, **sthothaa vedhaH**, and the devas are under His control and do His bidding, **suragaNo bhrthyavargaH**. He graces His devotees with moksha, salvation. The whole world, **jagath**, is His maayaa. Devaki is His mother., says Kulasekhara , by which it is meant that Krishna is none other than the Paravaasudeva., the supreme Lord. Arjuna, **valaripusuthaH**, (valaripu is Indra and Arjuna is his son), is the friend of Krishna, which means that the jeevaathma, represented by Arjuna has the Lord as its friend. I do not know more than this, says the Azvar , meaning that this comprises the whole glory of the Lord.

**34.Krshno rakshathu no jagatthrayaguruH krshNam namasyaamyaham**
**krshNena amaraSathravah vinihathaah krshNaaya thasmai namaH**
**krshNaadheva samutThitham jagadhidham krshNasya dhaaso asmi ahaH**
**krshNe thishTathi sarvam ethath akhilam he krshNa rakshasva maam.**

May Krishna, the preceptor of the three worlds, protect us. I bow down to Krishna. The enemies of the devas were destroyed by Krishna. Salutations to that Krishna. This universe came from Krishna only and sustained by Krishna only. I am the servant of Krishna. Oh Krishna protect me.

In this sloka all the vibhakthis, case endings of the word Krishna is used to describe the Lord. And by learning this sloka one can understand the usage and meaning of all the vibakthis of a noun, sabda.. Let Krishna protect us (**KrishnaH** –nominative) I salute Krishna (**krishnam**-accusative that is objective) the enemies of the devas, **amarasathravah**, were destroyed by Krishna. (**krshNena** –instrumental-meaning 'by.') salutations to krishna.(**krshNaaya** is dative –'to Krishna') All the three worlds sprung from Krishna.(**krshNaath**-ablative –'from Krishna'). The identity of Krishna as the Paramathman, implied in the previous sloka is carried forth here by this phrase. The Upanishad says about Brahman, **'yatho vaa imaani bhoothaani jaayanthe yena jaathaani jeevanthi thath vijijnaasdasva thath brahma**,' meaning, ' know that to be Brahman from which all these beings are created, by which all they are sustained and into which they merge back.' That is the idea expressed by **krishadheva samutThitham jagadhidham**.

Azvar further says, '**krshNasya dhaasosmi aham**,' " I am the servant of Krishna." (**krshnasya** –genitive –meaning 'of')

**'KrshNe thishTathi sarvam ethath akhilam**,' the whole universe exists in Krishna which reflects the upanishadic declaration '**sarvam khalu idham brahma, thajjalaan**.' It means , 'all this is Brahman, being sustained, created and annihilated by Brahman.'

Azvar ends the sloka by saying '**he krshna rakshasva maam**,' offering his obeisance to Krishna.

**Narayana Narayanaya Narayana Narayanaya Narayana Narayanaya Narayana Narayanaya**




# Sheep in the Highlands of Scotland

Balagopal

*In the highlands of Scotland sheep often wander off into the rocks and get into places that they can't get out of. The grass on these mountains tastes very sweet, and the sheep like it. They will jump down ten or twelve feet to a ledge with a patch of grass, and then they can't jump back up again. The shepherd hears them bleating in distress. The shepherd may leave them there for days, until they have eaten all the grass and are so faint that they cannot stand. Only then will the shepherd put a rope around the sheep and pull them up out of the jaws of death.*

*Why doesn't the shepherd attempt a rescue when the sheep first get into the predicament? The sheep are so foolish and so focused on eating that they would dash away from the shepherd, go over the precipice and destroy themselves.*

*Such is the case with us. Sometimes we need to experience a little bit of deep pain before we can enjoy the abundance of life. 'He' will rescue us the moment we have given up trying, realizing that we can't liberate ourselves, and cry to him for help.*

NARAYANA NARAYANA NARAYANA NARAYANA NARAYANA NARAYANA

# നമ്മുടെ കർ ത്തവ്യം

**പി. ശങ്കരമേനോൻ പല്ലശ്ശന 26-10-1979.**
(Father of Chandrasekhara Menon)

പുഴ, പക്ഷി, മൃഗാതികളായ അനേക ജന്മങ്ങൾ ക്ക് ശേഷമാണ് ജീവൻ മനുഷ്യനായി ജനിക്കുന്നത്. ഒരു മനുഷ്യന്റെ ജീവിതകാലത്തിൽ ശരീരത്തിന്ന് ബാല്യം, കൗമാരം, യൗവ്വനം, വാർ ദ്ധക്യം എന്നീ അവസ്ഥാ ഭേദങ്ങൾ ഉണ്ട്. ഈകാലഘട്ടങ്ങളിൽ വിഭിന്ന വിചാരങ്ങളാണ് മാനവമസ്സിൽ ഉണ്ടാകുന്നത്. കൗമാരദശയിൽ വിദ്യാഭ്യാസം ചെയ്യണം. ഒരു കെട്ടിടത്തിന്ന് അസ്ഥിവാരം പോലെയാണ് മനുഷ്യന്ന് വിദ്യാഭ്യാസം. തങ്ങളുടെ കുട്ടികൾ ക്ക് വിദ്യാഭ്യാസം കൊടുക്കേണ്ടത് മാതാപിതാക്കളുടെ കടമയാണ്. നീതിസാരത്തിൽ,

**മാതാ പിതാ ച ശത്രുർ**
**യ്യേന ബാല്യേ ന പഠ്യതേ**
**സഭാമദ്ധ്യേ ന ശോഭന്തേ**
**ഹംസമദ്ധ്യേ ബകോ യഥാ** ... എന്ന് പറഞ്ഞിരിക്കുന്നു.

വിദ്യാഭ്യാസം പൂർ ത്തിയാക്കേണ്ടത് നാലു മാർ ഗ്ഗങ്ങളിൽ കൂടെയാണ്.

**ആചാര്യാൽ പാദമാദത്തേ**
**പാദം ശിഷ്യ സ്വമേധയാ**
**പാദം സബ്രഹ്മചാരിഭ്യ:**
**പാദം കാലക്രമേണതു ..**

അതായത് ആദ്യഭാഗം ഗുരുനാഥനിൽ നിന്നും, രണ്ടാമത്തേത് വിദ്യാർ ഥിയുടെ സ്വന്തപരിശ്രമത്തിൽ നിന്നും മൂന്നമത്തേത് സഹപാഠികളിൽ നിന്നും, നാലമത് കാലക്രമത്തിൽ നമ്മുടെ ജീവിതാനുഭവങ്ങളിൽ നിന്നുമാണ് പഠിക്കേണ്ടത്. ആദ്യത്തെ മൂന്നും കൗമാരദശയിൽ വളരെ നിഷ്ക്കർ ഷയോടും അത്യദ്ധ്യാനം കൊണ്ടും നേടേണ്ടതാണ്. ഇങ്ങിനെ ജീവിതം മുഴുവനും ജ്ഞാന സംഭാദന ദശകളാന്.

സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന കാലത്ത് വിദ്യാഭ്യസത്തിൽ മാത്രമേ ശ്രദ്ധ കേന്ദ്രീകരിക്കാവൂ. വിദ്യാലയങ്ങളിൽ പഠിക്കുന്ന പുസ്തകങ്ങൾ ക്കു പുറമെ അവനവന്റെ മതഗ്രന്ഥങ്ങളും കഴിയുന്നതും മറ്റുമതഗ്രന്ഥങ്ങളും പഠിച്ച് ഒരു സാമന്യ അറിവുണ്ടാക്കാൻ ശ്രമിക്കണം. ഹിന്ദുക്കൾ രാമായണം, ഭാഗവതം, ഭഗവൽ ഗീത, മഹാഭാരതം മുതലായ പുസ്തകങ്ങൾ ക്ക് പുറമെ മുസ്ലീം മതക്കാരുടെ വിശുദ്ധ കുറാനും, കൃസ്തു മതക്കാരുടെ ബൈബിളും മറ്റ് മതഗ്രന്ഥങ്ങളും അവയുടെ അടിസ്ഥാന തത്വങ്ങളും വായിച്ച് അറിഞ്ഞിരിക്കുന്നത് സൗഹാർ ദ്ദത്തിന്നും സമാധാനത്തിന്നും നന്നയിരിക്കും. ഇയ്യിടെ

(1979) മാതൃഭൂമി ആഴ്ചപതിപ്പുകളിൽ ഡാക്ടർ സി.കെ. രാമചന്ദ്രൻ വിശുദ്ധ കുറാനിലെയും ഭഗവൽ ഗീതയിലെയും ചിലതത്വങ്ങളുടെ സാമ്യതയെപ്പറ്റി എഴുതിയിരുന്നു.

ഭാരതീയസാഹിത്യത്തിലെ ഒരനശ്വരപ്രതിഭാസമാണ് ഭർ ത്തൃഹരി. എല്ലാമതക്കാർ ക്കും കാലദേശവ്യത്യാസമെന്യെ അനുഷ്ഠിക്കേണ്ടതായ അനേകം സുഭാഷിതങ്ങളാണ് അതിൽ ഉള്ളത്. സംസ്കൃതത്തിലുള്ള ഈ ഉത്തമ ഗ്രന്ഥം മലയാളലിപിയിൽ അർ ത്ഥത്തോടുകൂടി കിട്ടുന്നതാണ്. ബാല്യകാലങ്ങളിൽ തന്നെ ഇതിന പഠിക്കുന്നത് സ്വഭാവശുദ്ധിക്ക് അത്യന്തേപിക്ഷിതമാണ്. ലൈബ്രറികളിൽ നിന്ന് നല്ല പുസ്തകങ്ങൾ വാങ്ങി വായിക്കണം. വായന എല്ലാവരും ഒരുനിത്യ പതിവാക്കേണ്ടതാണ്.

വിദ്യാർ ത്ഥികൾക്ക്   രാഷ്ട്രീയം അറിയേണ്ടതാണ്. പക്ഷെ അവർ വിദ്യാഭ്യാസകാലത്ത് സജീവപ്രവർ ത്തകരാകുന്നത് അവരുടെ വിദ് ധ്യാഭ്യാസത്തിന്ന് വിഘ്നമായിത്തീരും.

വിദ്യാഭ്യാസം പൂർ ത്തിയാക്കി യൗവ്വന ദശയിൽ വിവാഹം കഴിച്ച് ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിക്കാം. പെൺ കുട്ടികൾ ക്ക് വരദക്ഷിണസമ്പ്രദായം വിവാഹത്തിന്ന് വിഷമം ഉണ്ടാക്കുന്നുണ്ട്. പരതഃസ്ഥിതികൾ ക്കനുസരിച്ച് വരദക്ഷിണ സമ്പ്രദായം ഒഴിവാക്കേണ്ടതാണ്. മാതാപിതാക്കളുടെ അനുഗ്രഹാശിസ്സുകളോടുകൂടി വിവാഹം കഴിക്കുന്നതാണ് ഉത്തമം. ഭാര്യാഭർ ത്തക്കന്മാർ പരസ്പരം സ്നേഹത്തോടും വിശ്വാസത്തോടും തങ്ങളുടെ സമ്പത്തിക സ്ഥിതിക്കനുസരിച്ച് ജീവിക്കനുള്ള ദൃഡനിശ്ചയത്തോടും കൂടി വർ ത്തിക്കണം. എന്നാലേ സംതൃപ്ത കുഡുംബമാകൂള്ളൂ,
ഭർ ത്താവ് തന്റെ ദൈവമാണെന്നു ഭാര്യയും, ഭാര്യ തന്റെ ഗൃഹലക്ഷ്മിയാണെന്നു
ഭർ ത്തവും വിചാരിച്ചു പെരുമാറണം. ശ്രീരാമകൃഷ്ണപരമഹംസൻ തന്റെ സഹധർ മ്മിണിയെ ജഗന്മാതാവയിട്ടണ് പൂജിച്ചത്. ഗൃഹസ്ഥാശ്രമികൾ ക്ക് അതിഥിസൽ ക്കാരം, അന്നദാനം, സാധുസംരക്ഷണം മുതലായവ തങ്ങളുടെ കഴിവിന്നനുസരിച്ച് അനുഷ്ഠിക്കേണ്ട കൃത്യങ്ങളാണ്. ഭാര്യാഭർ ത്താക്കന്മാർ തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കയും സത്സ്വഭാവികളാക്കുകയും വേണം. കുട്ടികൾ ക്ക് അനുകരണശക്തിയാണ് കൂടുതൽ. മാതാപിതാക്കന്മാർ നല്ലനിലയിൽ പെരുമാറുന്നത് കാണുമ്പോൾ കുട്ടികളും അതുമാതിരി നടക്കും. അവർ പറയുന്നതനുസരിച്ച് പ്രവർ ത്തിക്കണം. അന്യോന്യം സ്നേഹിക്കാനും സത്യം പറയാനും സൗമ്യമായി സംസാരിക്കനും, മാതാപിതാക്കന്മാരേയും ഗുരുനാഥന്മാരേയും അനുസരിക്കാനും ശുചിയായിരിക്കനും പഠിപ്പിക്കണം. പ്രാതഃസ്സന്ധ്യാസമയങ്ങളിൽ ഈശ്വരനാമജപങ്ങളിൽ കുട്ടികൾ ക്ക് താൽ പര്യവും ശ്രദ്ധയും ഉണ്ടാക്കണം. ദൈവഭയം ജ്ഞാനത്തിന്റെ ആരംഭമാണ്.

**ചെറുപ്പകാലങ്ങളിലുള്ളശീലം**
**മറക്കുമോ മാനുഷനുള്ളകാലം..**  എന്നാണല്ലോ പഴമൊഴി.

ബാല്യം മുതൽ ക്കുതന്നെ നിത്യവും കാലത്ത് സൂര്യനമസ്കാരം പ്രാണായാമം മുതലായ ചില യോഗാഭ്യാസങ്ങളും എടുക്കുന്നത് ആരോഗ്യം  നിലനിർ ത്തുവാൻ ഉപകരിക്കും.

ഭാര്യമാർ ഉപേക്ഷിക്കെണ്ട ചില സംഗതികൾ നീതിസാരത്തിൽ പറഞ്ഞത് താഴെ ഉദ്ധരിക്കുന്നു.

**വിവാദശീലാം സ്വയമർ ത്ഥചോരിണീം**
**പരാനുകൂലാം പരദോഷഭാഷിണീം**
**അഗ്രാശിനീമന്യഗൃഹപ്രവേശിനീം**
**ഭാര്യാം ത്യജേൽ പുത്രദശപ്രസൂതികാം**

വാർ ദ്ധക്യദശയിലെത്തിയ മാതാപിതാക്കന്മാരെ അവരവരുടെ സന്താനങ്ങൾ തങ്ങളുടെകൂടെ പാർ പ്പിച്ച് സംരക്ഷിക്കണം. അവർ ക്ക് വേറെതാമസിക്കാനുള്ള സൗകര്യങ്ങളുണ്ടെങ്കിൽ പോലും അവരുടെ സുഖസൗകര്യങ്ങളെ എപ്പോഴും അന്വേഷിക്കണം. അവർക്കി    തങ്ങൾ നിരാലംബരായല്ലോ എന്ന വിചാരത്തിന്ന് ഇടം കൊടുക്കാതെ നോക്കണം. അതാണ് പുത്രധർ മ്മം. മാത പിതാ ഗുരു ദൈവം എന്നാണ് ആപ്ത വാക്യം.

ദമ്പത്യജീവിതത്തിൽ ആത്മസംയമനം അത്യന്താപേക്ഷിതമാണ് നമ്മുടെ മനസ്സ് ഒരു മർ ക്കടമാണ്. അതിനെ അടക്കിനിർ ത്തുവാൻ എപ്പോഴും ശ്രമിക്കണം. വായുവിനെപ്പോലെ മനസ്സ് ചലിച്ചുകൊണ്ടേയിരിക്കുന്നു. എന്നും അതിനെ അടക്കിനിർ ത്തുവാൻ സാധിക്കുന്നില്ലല്ലോ എന്നും അർ ജ്ജുനൻ ശ്രീകൃഷ്ണനോട് പറയുമ്പോൾ ഭഗവാൻ പറയുന്നു:

**അസംശയം മഹാബാഹോ**
**മനോദുർ ന്നിഗ്രഹം ചലം**
**അഭാസേൻ തു കൗന്തേയ**
**വൈരഗ്യേണ ച ഗൃഹ്യതേ...**

നിരന്തരമായ അഭ്യാസം കൊണ്ടും വൈരാഗ്യം കൊണ്ടും മാത്രമേ അതിനെ അടക്കുവാൻ സാധുകായുള്ളു. സന്താനലാഭത്തിന്ന് ധർ മ്മപത്നി എന്ന് ഓർ ക്കുന്നത് നന്ന്. സന്താന നിയന്ത്രണവും അത്യാവശ്യമാണ്.

**മാതൃവൽ പരദാരാണി**
**പരദ്രവ്യാണി ലോഷ്ടവൽ**
**ആത്മവൽ സർ വ്വഭൃതാനി**
**യഃ പര്യതി സഃ പണ്ഡിതഃ ;**

അന്യസ്ത്രീകളെ തന്റെ അമ്മയെപ്പോലെയും, അന്യന്റെ സ്വത്തിനെ മണ്ണാങ്കട്ട പോലെയും, എല്ലാ ജീവജാലങ്ങളെയും തന്റെ ആത്മാവിനെപ്പോലെയും കാണുന്നവനാണ് വിദ്വാൻ. നാം എപ്പോഴും പരോപകാരതൽ പരരായിരിക്കണം. സ്വാർ ത്ഥം വെടിഞ്ഞ് അന്യർ ക്ക് വേണ്ടി യതിക്കുന്നവർ ഉത്തമന്മാരും തന്റെ ഗുണത്തിന്ന് കോട്ടം തട്ടാതെ അന്യർ ക്കുവേണ്ടി പരിശ്രമിക്കുന്നവർ മദ്ധ്യമന്മാരും (സാമാന്യർ), സ്വാർ ത്ഥത്തിന്ന് വേണ്ടി പരഹിതത്തെ നശിപ്പിക്കുന്നവർ മനുഷ്യാധമരുമാണ്.എന്നാൽ പരഹിതത്തെ ധ്വംസനം ചെയ്യുന്നവർ ഏതുതരക്കാരാണെന്നു പറയാൻ അറിഞ്ഞുകൂടാ എന്നു ഭർ ത്തൃഹരി പറയുന്നു.

**ആശാഹിപരമം ദുഃഖം നൈരാശ്യം പരമം സുഖം.**

